**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1701** **02-02-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക കടാശ്വാസ കമ്മീഷൻ അംഗീകരിച്ച എത്ര രൂപയുടെ ക്ലെയിം നിലവിൽ വിതരണം ചെയ്യാനുണ്ട്; ഏത് കാലയളവ് മുതലുള്ള ക്ലെയിമുകളാണ് വിതരണം ചെയ്യാനുള്ളത്; കമ്മീഷൻ അംഗീകരിച്ച കടാശ്വാസം അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ? | (എ) | കർഷക കടാശ്വാസ കമ്മീഷൻ അംഗീകരിച്ച ക്ലെയിം കർഷകർക്ക് ഉടൻ തന്നെ ലഭ്യമാക്കുന്നു. ഇങ്ങനെ കർഷകർക്ക് സഹകരണ ബാങ്കുകൾ സെറ്റിൽ ചെയ്യുന്ന തുക സർക്കാർ ബാങ്കുകൾക്ക് നൽകുന്നു. ഇതിൽ കർഷകന് ഒരു ബാധ്യതയും ഇല്ല. കർഷക കടാശ്വാസ കമ്മീഷൻ 31.12.2023 വരെ സർക്കാരിലേക്ക് കടാശ്വാസം ശിപാർശ ചെയ്തതിൽ 2019 നവംബർ മാസം മുതലുള്ള 221,74,55,011/- രൂപ (ഇരുന്നൂറ്റി ഇരുപത്തിയൊന്ന് കോടി എഴുപത്തി നാല് ലക്ഷത്തി അൻപത്തി അയ്യായിരത്തി പതിനൊന്ന് രൂപ) ബാങ്കുകൾക്ക് നൽകുന്നതിനായി അവശേഷിക്കുന്നു. പ്രസ്തുത കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ